**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4245 13.12.2018-ലെ മറുപടിയ്ക്ക്

## കേരള സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയ യോഗ കോഴ്സുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | 2015 മുതൽ കേരളാ സർവ്വകലാശാലയുടെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിൽ (സെന്റർ ഫോർ അഡൾട്ട് കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ & എക്സ്റ്റൻഷൻ) നടത്തിവരുന്ന പി.ജി. ഡിപ്ലോമ ഇൻ യോഗ തെറാപ്പി (1 വർഷം) കോഴ്സിന് കേരള സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരത്തിന്റെ ആവശ്യമില്ല. |
| (ബി) | കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അഥവാ നിയന്ത്രണത്തിൽ യോഗയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രോജക്ട് / പ്രോഗ്രാം നിലവിൽ നടത്തുന്നുണ്ട്; ഇതിൽ നിയമിക്കുന്ന യോഗ അദ്ധ്യാപകരുടെ യോഗ്യത വെളിപ്പെടുത്തുമോ; | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അഥവാ നിയന്ത്രണത്തിൽ യോഗയുമായി ബന്ധപ്പെട്ട പ്രോജക്ട്/പ്രോഗ്രാമുകൾ ഒന്നുംതന്നെ നടത്തുന്നില്ല. എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള 'യോഗ അസോസിയേഷൻ ഓഫ് കേരള' യോഗയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | നാളിതുവരെ ഏതൊക്കെ യോഗ സ്ഥാപനങ്ങൾക്ക്/കോഴ്സിനാണ് കേരള സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ളത്; | (സി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള യോഗ അസോസിയേഷൻ ഓഫ് കേരള നടത്തുന്ന യോഗ കോഴ്സുകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ |

| | | | |
|---|---|---|---|
| | ഉണ്ടെങ്കിൽ ഇതിന് കേരള സർവ്വകലാശാലയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | | അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) | കേരള സ്പോർട്സ് കൗൺസിലിൽ നടത്തുന്ന യോഗയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ /പ്രോഗ്രാമുകളിൽ നിയമിക്കുന്ന യോഗ അദ്ധ്യാപകരുടെ യോഗ്യതകൾ അഥവാ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (ഡി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള യോഗ അസോസിയേഷൻ, അംഗീകൃത യോഗ ഇൻസ്റ്റിറ്റ്യൂട്ടുകൾ, അംഗീകൃത യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ യോഗ അദ്ധ്യാപകരുടെ യോഗ്യതയായി അംഗീകരിക്കുന്നതാണ്. |
| (ഇ) | മേൽ പറഞ്ഞതിൻ പ്രകാരം യോഗാ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകുന്ന മാർഗ്ഗരേഖ/ പൊതു ഉത്തരവ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ; | (ഇ) | കായികയുവജനകാര്യ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (എഫ്) | ചേതന യോഗയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ? | (എഫ്) | ഇല്ല |

**സെക്ഷൻ ഓഫീസർ**